35286/AD-LEG-ASST-4/2022/Admn 09.05.2023

# മെമ്മോ

വിഷയം : ശ്രീ. ഫാസിൽ ടി. എം., (ഐഡി. നം.4417),ഓഫീസ് അറ്റൻഡൻറ് എന്നവർ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നുവെന്ന ആരോപണത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിലെ ശുപാർശ അനുസരിച്ച് കാലിക്കറ്റ് സർവകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് 1977, ചാപ്റ്റർ IV ഭാഗം III, സ്റ്റാറ്റ്യൂട്ട് 25 ബി (vii) പ്രകാരം സർവ്വകലാശാല സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാനുള്ള ബഹു. വൈസ് ചാൻസലറുടെ ഉത്തരവ് അറിയിക്കുന്നത് സംബന്ധിച്ച് :

സൂചന : 1. 21.04.2016 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നമ്പർ 4939/2016/Admn.
2. 11.03.2021 തീയതിയിലെ ശ്രീ ഫാസിൽ ടി. എം. സമർപ്പിച്ച അപേക്ഷ.
3. 05.11.2020 തീയതിയിലെ 152/2020/ധന നമ്പർ സർക്കാർ ഉത്തരവ്.
4. 30.12.2020 തീയതിയിലെ 83/2020/ധന സർക്കുലർ.
5. 03.01.2022 തീയതിയിലെ ബി1/ 175/ 2021/ഉ.വി.വ നമ്പർ കത്ത്.
6. 18.01.2022 തീയതിയിലെ 81367/AD-P.F.R.F-3/2016/Admn നമ്പർ മെമ്മോ.
7. 25.01.2022 തീയതിയിലെ ശ്രീ. ഫാസിൽ ടി.എം. സമർപ്പിച്ച അപേക്ഷ.
8. 07.05.2022 തീയതിയിലെ മെമ്മോറാണ്ടം.
9. ബഹു. വൈസ് ചാൻസലറുടെ 20.07.2022 & 29 .08.2022 തീയതിയിലെ ഇതേ ഫയലിലെ ഉത്തരവ്.
10. 22.11.2022 തീയതിയിലെ 22298/2022/Admn., സർവ്വകലാശാല ഉത്തരവ്.
11. അന്വേഷണ ഉദ്യോഗസ്ഥൻ 15.02.2023 തീയതിയിൽ സമർപ്പിച്ച റിപ്പോർട്ട്.
12. ബഹു. വൈസ് ചാൻസലറുടെ 21.04.2023 തീയതിയിലെ ഇതേ ഫയലിലെ ഉത്തരവ്.

ശ്രീ. ഫാസിൽ ടി. എം., (ഐഡി. നം.4417),ഓഫീസ് അറ്റൻഡൻറ് എന്നവരെ ജോലിയിൽ നിന്നും അനധികൃതമായി വിട്ടു നിൽക്കുന്നു എന്ന ആരോപണത്തിൽ താഴെ പറയുന്ന വസ്തുതകൾ ഇതിനാൽ അറിയിക്കുന്നു :

സൂചന (1) പ്രകാരം, സർവ്വകലാശാല സർവീസിൽ ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ 15.04.2016 തീയതിയിൽ നിയമിതനായ ശ്രീ. ഫാസിൽ ടി.എം. (ഐഡി. നം.4417) ന് കെ.എസ്.ആർ ഭാഗം I & II അനുബന്ധം 12 A യിലെ വ്യവസ്ഥകൾ അനുസരിച്ച് 22.04.2016 തീയതി മുതൽ പ്രാബല്യത്തിൽ 5 വർഷത്തേക്ക് ശൂന്യവേതന അവധി അനുവദിച്ചിരുന്നു. സൂചന (2) പ്രകാരം, ശ്രീ. ഫാസിൽ ടി. എം., ടിയാന് അനുവദിച്ചിട്ടുള്ള ശൂന്യവേതന അവധി 13.07.2022 വരെ ദീർഘിപ്പിച്ചു നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചു.

സൂചന (3), (4) പ്രകാരമുള്ള സർക്കാർ ഉത്തരവ്/സർക്കുലർ എന്നിവയും സൂചന (5) പ്രകാരം ടി വിഷയത്തിൽ സർക്കാരിൽ നിന്നും ലഭിച്ച സ്പഷ്ടീകരണവും പരിഗണിച്ചു കൊണ്ട് സൂചന (6) പ്രകാരം ടിയാനോട് 31.01.2022 തീയതിക്കകം കാലിക്കറ്റ് സർവകലാശാല സർവീസിൽ തിരികെ പ്രവേശിക്കണമെന്നും അല്ലാത്ത പക്ഷം കെ.എസ്.ആർ. ഭാഗം I, അനുബന്ധം XII A, ചട്ടം 9 പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ച് സർവീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചു.

എന്നാൽ സൂചന (7) പ്രകാരം, ടിയാൻ സർവ്വകലാശാലയുടെ നിർദ്ദേശം പാലിച്ച് ജോലിയിൽ പുനഃപ്രവേശിക്കാതെ വ്യക്തിപരമായ കാരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ടിയാന് അനുവദിച്ചിട്ടുള്ള ശൂന്യവേതന അവധി ദീർഘിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പുതിയ അപേക്ഷ സമർപ്പിച്ചു. ബഹു. വൈസ് ചാൻസലർ ടി അപേക്ഷ പരിശോധിക്കുകയും ആയത് തൃപ്തികരമല്ലാതിനാൽ കെ.എസ്.ആർ. ഭാഗം I, അനുബന്ധം XII A, ചട്ടം 9 ലെയും സർവകലാശാല സ്റ്റാറ്റ്യൂട്ടിലെയും വ്യവസ്ഥകൾ പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിച്ച് ടിയാനെ സർവീസിൽ നിന്നും

നീക്കം ചെയ്യാനുള്ള തുടർനടപടികൾ സ്വീകരിക്കാൻ ഉത്തരവിട്ടു.

സൂചന (8) പ്രകാരം, ശ്രീ. ഫാസിൽ ടി. എം., ന് കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക എന്നിവ നൽകികൊണ്ട് ടിയാന്റെ ഇക്കാര്യത്തിലുള്ള വിശദീകരണം 15 ദിവസങ്ങൾക്കുള്ളിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം ടിയാന് ഇക്കാര്യത്തിൽ എതിർവാദങ്ങളൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ച് കൊണ്ടുള്ള മെമ്മോ നൽകിയിരുന്നു. എന്നാൽ ആയത് തപാൽ വകുപ്പിന്റെ "Unclaimed" എന്ന കുറിപ്പോടെ മടങ്ങി വന്നു.

ടി സാഹചര്യത്തിൽ, സൂചന (9) പ്രകാരം, ബഹു. വൈസ് ചാൻസലർ ടിയാനെതിരെയുള്ള കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും പ്രസ്തുത വിവരം സംബന്ധിച്ച ഒരു നോട്ടീസ് രണ്ടു മലയാളം വർത്തമാന പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഉത്തരവിട്ടു. അതിൻപ്രകാരം സർവ്വകലാശാല വെബ്സൈറ്റിൽ 14.09.2022 തീയതിയിൽ ടിയാനെതിരെയുള്ള കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും പ്രസിദ്ധീകരിച്ചു. അതിനു ശേഷം ഇതുമായി ബന്ധപ്പെട്ട നോട്ടീസ് 16.09.2022 തീയതിയിലെ മാധ്യമം, ദേശാഭിമാനി എന്നീ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചു.

എന്നാൽ, ടി അറിയിപ്പുകൾക്കും നിശ്ചിത സമയപരിധിക്കുള്ളിൽ ടിയാൻ പ്രതികരിക്കാത്ത സാഹചര്യത്തിൽ, സൂചന (10) പ്രകാരം കാലിക്കറ്റ് സർവകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് 1977, ചാപ്റ്റർ IV ഭാഗം III, സ്റ്റാറ്റ്യൂട്ട് 32(ബി) നിഷ്കർഷിക്കുന്ന ചട്ടങ്ങൾ പ്രകാരം ശ്രീ. ഫാസിൽ ടി. എം ന് എതിരെയുള്ള കുറ്റാരോപണങ്ങളിൽ അന്വേഷണം നടത്തുന്നതിന് ഭരണവിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ. ശിഹാബുദ്ദീൻ പി. പി. യെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവായി.

സൂചന (11) പ്രകാരം, അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ടിന്റെ ശുപാർശകൾ ബഹു. വൈസ് ചാൻസലർ സൂചന (12) പ്രകാരം അംഗീകരിക്കുകയും കാലിക്കറ്റ് സർവകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് 1977 അധ്യായം 4, പാർട്ട് III, സ്റ്റാറ്റ്യൂട്ട് 25 ബി (vii) പ്രകാരം ടിയാനെ സർവ്വകലാശാല സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഉത്തരവിടുകയും ചെയ്തു.

ആയതിനാൽ, ശ്രീ. ഫാസിൽ ടി. എം. എന്നവർ ക്ക് സർവ്വകലാശാല സർവ്വീസിൽ നിന്ന് നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാനുള്ള ബഹു. വൈസ് ചാൻസലറുടെ ഉത്തരവിൽ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ മെമ്മോ കിട്ടുന്ന തീയതി മുതൽ 15 ദിവസങ്ങൾക്കുള്ളിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടിയാന് ഇക്കാര്യത്തിൽ എതിർവാദങ്ങളൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

Jyothi kumar C.,
Joint Registrar

ഉള്ളടക്കം : 1. അന്വേഷണ കമ്മിറ്റി റിപ്പോർട്ട്.

ADMINISTRATION BRANCH
09 MAY 2023
UNIVERSITY OF C...

സ്വീകർത്താവ് : ശ്രീ. ഫാസിൽ ടി.എം., തടത്തിൽ മീത്തൽ (ഹൗസ്), മാവൂർ പി.ഒ.